I.ഇ.ബി.XIകേരള നിയമസഭ/IV31

# പതിനൊന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2002 ജൂലായ് 30,ചൊവ്വ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

### അടിയന്തിരപ്രമേയം

**കുമരകം ബോട്ടപകടത്തെത്തുടർന്ന് ജലഗതാഗതം നിർത്തിവച്ചിരിക്കുന്നതുമൂലം ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ**

മി. സ്പീക്കർ : 29 പേരുടെ ജീവൻ അപഹരിച്ച കുമരകം ബോട്ട് ദുരന്തത്തെത്തുടർന്ന് മുഹമ്മ – കുമരകം റൂട്ടിലെ ജലഗതാഗതം പൂർണ്ണമായി സ്തംഭിച്ചിരിക്കുന്നതിന്റെ ഫലമായി ആ പ്രദേശത്തെ ജനങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്നതായി പറയപ്പെടുന്ന അത്യന്തം ഗുരുതരവും ദുരിതപൂർണ്ണവുമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ഡോ. തോമസ് ഐസക്, സർവ്വശ്രീ. കെ. പി. രാജേന്ദ്രൻ, എ. സി. ഷണ്മുഖദാസ്, വി.സി. കബീർ, സി. കെ. നാണു, പി. സി. ജോർജ്, എ. എ. അസീസ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): കുമരകത്ത് ഇക്കഴിഞ്ഞ 27-ാം തീയതി രാവിലെ 6.10-ന് നടന്ന ബോട്ടപകടത്തിൽ 15 സ്ത്രീകളും 13 പുരുഷന്മാരും എട്ട് മാസം പ്രായമുള്ള പിഞ്ചുകുഞ്ഞുമടക്കം 29 പേർ മരണമടഞ്ഞു. ദുരന്തം നടന്നതിന് തൊട്ടടുത്ത ദിവസം തന്നെ ജലഗതാഗതം പുനരാരംഭിക്കാൻ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ, അവിടെ സർവ്വീസ് നടത്തുന്ന ബോട്ടുകളുടെ ഫിറ്റ്നസ് ഉറപ്പുവരുത്തിയതിനുശേഷം സർവ്വീസ് പുനരാരംഭിച്ചാൽ മതിയെന്ന് ആലപ്പുഴ ജില്ലാ കളക്ടർ വാട്ടർ ട്രാൻസ്പോർട്ട് ഡയറക്ടർക്ക് വാക്കാൽ നിർദ്ദേശം നൽകിയിരുന്നതിന്റെ അടിസ്ഥാനത്തിൽ ഇൻസ്പെക്ടർ ഓഫ് ബോട്ട്സിന്റെ നേതൃത്വത്തിൽ ഒരു ടീം ഇന്ന് ആലപ്പുഴയിലെത്തി പരിശോധന ആരംഭിച്ചിട്ടുണ്ട്. പരിശോധന പൂർത്തിയാക്കി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കിട്ടുന്ന മുറയ്ക്ക് ബോട്ട് സർവ്വീസ് പുനരാരംഭിക്കും. ജില്ലാഭരണകൂടവും പോലീസ് വകുപ്പും രാഷ്ട്രീയ-സാമൂഹ്യ സംഘടന കളും ജനങ്ങളുമെല്ലാം അവസരത്തിനൊത്തുയർന്ന് പ്രവർത്തിച്ചതിന്റെ ഫലമായി മരണസംഖ്യ കുറയ്ക്കുവാൻ കഴിഞ്ഞു. അപകടത്തിൽപ്പെട്ടവരെ എത്രയും വേഗത്തിൽ ആശുപത്രിയി ലെത്തിക്കുവാനും അവർക്കാവശ്യമായ എല്ലാ ചികിത്സാസൗകര്യങ്ങളും ലഭ്യമാക്കുവാനും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നടത്തിയ ശ്രമങ്ങൾ വിജയിച്ചിട്ടുണ്ട്. അപകടത്തിൽപ്പെട്ട വരുടെ ബന്ധുക്കൾക്കും അപകടത്തിൽപ്പെട്ടവർക്കും യാതൊരു തരത്തിലുള്ള പരാതിക്കും ഇട നല്കാത്തവിധം സ്തുത്യർഹ്യമായ നിലയിൽ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ കഴിഞ്ഞു. അപകടം സംഭവിച്ച് ഏതാനും മണിക്കൂറുകൾക്കുള്ളിൽത്തന്നെ എല്ലാ മൃതദേഹങ്ങളും തിരിച്ചറിയാൻ കഴിഞ്ഞു. ഈ മേഖലയിലെ ബോട്ടുകളുടെ സാങ്കേതികമായ തകരാറുകൾ പരിഹരിക്കുന്നതിനും 25 വർഷം വരെ പഴക്കമുള്ള ബോട്ടുകൾ മുഴുവൻ മാറ്റി ആധുനികവും സുരക്ഷാസൗകര്യങ്ങളോടുകൂടിയവയുമായ ഫൈബർ ബോട്ടുകൾ വാങ്ങുന്ന തിനുമുള്ള ഒരു പ്രൊപ്പോസൽ അടുത്ത മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പി ക്കുന്നതാണ്. ഈ അപകടത്തെപ്പറ്റി നീതിപൂർവ്വവും സത്യസന്ധവുമായ ഒരന്വേഷണം നടത്തുന്നതിനെക്കുറിച്ചും ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. ജനങ്ങളിലുണ്ടായിരിക്കുന്ന ആശങ്ക ദൂരീകരിക്കുവാനും യാത്രാക്ളേശം പരിഹരിക്കുന്നതിനും ആധുനികവൽക്കരണ ത്തിലൂടെ ഈ വകുപ്പിനെ കൂടുതൽ സേവനരംഗത്തേയ്ക്ക് കൊണ്ടുവരാനുമുള്ള എല്ലാ നടപടികളും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും സ്വീകരിക്കുമെന്ന് സഭയ്ക്ക് ഉറപ്പുനല്കുന്നു. അതുകൊണ്ട് ഈ വിഷയത്തെപ്പറ്റി സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമുണ്ടെന്ന് തോന്നുന്നില്ല.

ഡോ: തോമസ് ഐസക്: കുമരകം ബോട്ടപകടത്തിൽ മരിച്ച 29 പേരും എന്റെ നിയോജകമണ്ഡലമായ മാരാരിക്കുളത്തുള്ളവരാണ്. ഈ പ്രദേശത്തുള്ള 80 ശതമാനം പേരും പരമദരിദ്രരാണ്. ആ കുടുംബങ്ങളുടെ ഭാവിപ്രതീക്ഷയാണ് മരണം കവർന്നെടുത്തത് എന്ന വസ്തുത കണക്കിലെടുത്ത് മരണമടഞ്ഞവരുടെ ആശ്രിതർക്ക് പരമാവധി സഹായം

അനുവദിക്കണം. നഷ്ടപരിഹാരമായി 50,000 രൂപവീതം നല്കാമെന്ന് വാഗ്ദാനം ചെയ്തുവെങ്കിലും ആദ്യ ഗഡുവായി വെറും 5,000 രൂപവീതമാണ് കൊടുത്തിട്ടുള്ളത്. പരിക്കുപറ്റി ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്നവർക്ക് നല്കാമെന്ന് പ്രഖ്യാപിച്ച ചികിത്സാ സഹായമായ 2,000 രൂപ മുഹമ്മ ആശുപത്രിയിൽ കഴിയുന്ന 22 പേർക്കുമാത്രമേ നല്കിയിട്ടുള്ളൂ. അതുപോലെ മരിച്ചവരുടെ ആശ്രിതർക്ക് ജോലി നല്കാമെന്നുള്ള പ്രഖ്യാപനവും നടത്തിയിട്ടുണ്ട്. ഇപ്പോൾ അവിടെ ബോട്ടുകൾ സർവ്വീസ് നടത്താത്ത സ്ഥിതിയാണുള്ളത്. പകരം സംവിധാനം ഏർപ്പെടുത്താതെ മുഹമ്മയിൽ ബോട്ട് സർവീസ് നിർത്തിവച്ചത് വളരെ ബുദ്ധിമുട്ടുണ്ടാക്കിയിരിക്കുകയാണ്. പി.എസ്.സി. ടെസ്റ്റ് നടത്തിയതുകൊണ്ടാണ് ഈ ദുരന്തം ഉണ്ടായതെന്ന പരാമർശം ശരിയല്ല. ഉത്സവങ്ങളും മറ്റ് ആഘോഷങ്ങളും നടക്കുന്ന സന്ദർഭങ്ങളിലും ബോട്ടുകളുടെ കപ്പാസിറ്റിയിൽ കൂടുതൽ ആളുകൾ അവയിൽ യാത്ര ചെയ്യുന്ന സന്ദർഭങ്ങൾ അവിടെയുണ്ടായിട്ടുണ്ട്. ഈ ബോട്ട് വെള്ളക്കേടുള്ളതാണെന്ന റിപ്പോർട്ട് വളരെ മുമ്പുതന്നെ വന്നിട്ടുള്ളതാണ്. ഇവിടത്തെ യാത്രാക്ലേശം പരിഹരിക്കുന്നതിന് ഫൈബർ ബോട്ട് സർവീസ് ഏർപ്പെടുത്തുമെന്നു പറഞ്ഞുവെങ്കിലും ഇതുവരെ സർവീസ് ആരംഭിച്ചിട്ടില്ല. മുഹമ്മയിലെ യാത്രാക്ലേശവും ബോട്ടുകൾക്ക് ഏർപ്പെടുത്തിയ അമിതമായ നിരക്കുവർദ്ധനവും സംബന്ധിച്ച് മന്ത്രിക്ക് നിവേദനം നൽകിയെങ്കിലും അതിന് ഇതുവരെ പരിഹാരമൊന്നും ഉണ്ടായിട്ടില്ല. ഈ ദുരന്തത്തിന് ഉത്തരവാദികൾ ജീവനക്കാരാണെന്നാരോപിച്ച് അവരെ സസ്പെൻഡ് ചെയ്തിരിക്കുകയാണ്. ഈ സംഭവത്തെക്കുറിച്ച് ജുഡിഷ്യൽ അന്വേഷണം നടത്തണം. ഇന്നു മുഹമ്മയിൽ നടക്കുന്ന അനുശോചനയോഗത്തിൽ മന്ത്രി പങ്കെടുക്കുകയും അവിടത്തെ പാസഞ്ചേഴ്സ് അസോസിയേഷൻ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങളിൽ അനുകൂല വാഗ്ദാനം ആ യോഗത്തിൽ വച്ച് നൽകുകയും വേണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ്കുമാർ): ആശ്രിതനിയമനത്തെ സംബന്ധിച്ച് ഒരു മന്ത്രി പറഞ്ഞതായി വന്ന വാർത്ത അദ്ദേഹം തന്നെ നിഷേധിച്ചിട്ടുണ്ട്. അപകടത്തിൽപ്പെട്ടു പരിക്കേറ്റവർക്കും മരിച്ചവരുടെ ആശ്രിതർക്കും ഗവൺമെന്റ് നൽകുമെന്നു പ്രഖ്യാപിച്ചിട്ടുള്ള സഹായധനം എത്തിച്ചുകൊടുക്കുന്നതിന് ബന്ധപ്പെട്ട ജില്ലാകളക്ടർമാർക്ക് വ്യക്തമായ നിർദ്ദേശം കൊടുക്കുകയും അതിനുവേണ്ട എല്ലാ നടപടികളും സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഫൈബർബോട്ടിന് ഓർഡർ കൊടുത്തിട്ടുണ്ട്. അടുത്ത മാസം പണി പൂർത്തിയായി ലഭിച്ചാലുടനെ ആദ്യത്തെ ഫൈബർബോട്ട് മുഹമ്മയിലേക്ക് അനുവദിക്കുന്നതാണ്. കൂടാതെ അവിടത്തെ യാത്രാക്ലേശം പരിഹരിക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിക്കുകയും ചെയ്യും. ബോട്ട് ഇൻസ്പെക്ടറുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കിട്ടിയാലുടനെ നിലവിലുള്ള സർവീസുകൾ പുനരാരംഭിക്കുന്നതാണ്. മുഹമ്മയിൽ ഇന്നു നടക്കുന്ന അനുശോചനയോഗത്തിൽ ഞാൻ പങ്കെടുക്കും.

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്യുതാനന്ദൻ): ബോട്ടപകടത്തെക്കുറിച്ച് ജുഡിഷ്യൽ അന്വേഷണം നടത്തുന്നതിനും നിലവിലുണ്ടായിരുന്ന മൂന്നു ബോട്ട്

സർവീസുകളും പുനരാരംഭിക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ സംബന്ധിച്ച് വ്യക്തമാക്കണം.

ശ്രീ. കെ.ബി. ഗണേഷ്കുമാർ: ബോട്ട്സർവീസ് പുനരാരംഭിക്കുന്നതിന് ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. നാളെ മന്ത്രിസഭ മുമ്പാകെ വയ്ക്കുന്ന പ്രൊപ്പോസലിൽ ഇവിടെ ഉന്നയിക്കപ്പെട്ട കാര്യങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ വി.എസ്. അച്ചുതാനന്ദൻ) : ഗതാഗത വകുപ്പുമന്ത്രിയുടെ മറുപടി അവ്യക്തമായതിലും ജുഡിഷ്യൽ അന്വേഷണം നടത്താമെന്ന് ഉറപ്പു പറയാത്തതിലുമുള്ള പ്രതിഷേധം അറിയിക്കേണ്ടതുണ്ട്.

മി. സ്പീക്കർ: കാബിനറ്റ് തീരുമാനിക്കേണ്ട കാര്യങ്ങൾ മറ്റാർക്കും തീരുമാനിക്കാനാവില്ല.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): കഴിഞ്ഞ ദിവസം അനുശോചന പ്രസംഗത്തിൽ, 31-7-2002-ന് കാബിനറ്റു ചേരുമ്പോൾ ഇതു സംബന്ധിച്ച് സമഗ്രമായ ഒരന്വേഷണം നടത്താനുള്ള തീരുമാനമുണ്ടാകുമെന്നും അതിൽ മേൽപ്പറഞ്ഞ കാര്യങ്ങളും പെടുമെന്നും ഗവൺമെന്റിനുവേണ്ടി വളരെ വ്യക്തമായി പറഞ്ഞതാണ്. അതു സംബന്ധിച്ച് കാബിനറ്റാണ് തീരുമാനമെടുക്കേണ്ടത്.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തിയതിനുശേഷം അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളോടൊപ്പം സഭവിട്ടു പുറത്തുപോയി. തുടർന്നു പ്രസ്താവന നടത്തുന്നതിന് ശ്രീ. കെ.പി. രാജേന്ദ്രനെ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബഹളം വച്ചുകൊണ്ടിരുന്നു.)

ശ്രദ്ധക്ഷണിക്കൽ

(അംഗൻവാടി ജീവനക്കാരും കുട്ടികളും നേരിടുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച ശ്രദ്ധക്ഷണിക്കലിന് നോട്ടീസ് നല്കിയിരുന്ന ശ്രീ. കെ. രാധാകൃഷ്ണൻ സീറ്റിൽ ഹാജരില്ലാതിരുന്നതിനാൽ അത് ഉന്നയിക്കപ്പെട്ടില്ല.)

**ഗുരുവായൂർ അഴുക്കുചാൽ പദ്ധതി**

ശ്രീ. പി.കെ.കെ. ബാവ: രാജ്യത്തിന്റെ പല ഭാഗങ്ങളിൽനിന്നും ലക്ഷക്കണക്കിന് ഭക്തജനങ്ങളും വിനോദസഞ്ചാരികളുമെത്തിക്കൊണ്ടിരിക്കുന്ന ഗുരുവായൂർ നഗരം ഇന്ന്

മാലിന്യ നഗരമായി മാറിക്കൊണ്ടിരിക്കുകയാണ്. അവിടത്തെ മാലിന്യ നിർമ്മാർജ്ജനത്തിനായി ഗവൺമെന്റ് പല പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടെങ്കിലും അവയൊന്നും പര്യാപ്തമല്ല. വർദ്ധിച്ചുവരുന്ന മാലിന്യപ്രശ്നങ്ങൾ വഴിയുണ്ടാകുന്ന രോഗാണുക്കളും കൊതുകു ശല്യവും നാട്ടുകാരുടേയും ഭക്തജനങ്ങളുടേയും വിനോദസഞ്ചാരികളുടേയും ആരോഗ്യത്തെ സാരമായി ബാധിക്കുന്നുണ്ടെന്നത് വളരെയധികം ശ്രദ്ധിക്കപ്പെടേണ്ടതാണ്. മേൽപ്പറഞ്ഞ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുതകുന്ന വിധം, മുപ്പതു വർഷങ്ങൾക്കു മുൻപ് ആരംഭിച്ച ഗുരുവായൂർ അഴുക്കുചാൽ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്): ഗുരുവായൂർ അഴുക്കുചാൽ പദ്ധതി പ്രാവർത്തികമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുകയാണ്. 1260 ലക്ഷം രൂപ മതിപ്പു ചെലവു വരുന്ന ഈ പദ്ധതിക്കാവശ്യമായ ടെണ്ടർ നടപടികളെല്ലാം പൂർത്തീകരിക്കുകയും ഹഡ്കോയിൽ നിന്ന് 800 ലക്ഷം രൂപയുടെ വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മുപ്പതു വർഷം പഴക്കമുള്ള ഗുരുവായൂർ അഴുക്കുചാൽ പദ്ധതി എത്രയും വേഗം പൂർത്തീകരിച്ച് നാട്ടുകാർക്കും അവിടെ വരുന്ന ഭക്തജനങ്ങൾക്കും വിനോദ സഞ്ചാരികൾക്കും അതിന്റെ പ്രയോജനം ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

( ബഹളം വച്ചുകൊണ്ടിരുന്ന പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിലിറങ്ങി തടസ്സമുണ്ടാക്കിയതിനാൽ നിറുത്തിവച്ച സഭ വീണ്ടും 11.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.)

മി. സ്പീക്കർ: കമ്മ്യൂണിക്കേഷൻ ഗ്യാപ്പിന്റെ ഫലമായിട്ടാണ് ഈ സംഭവം ഇവിടെ ഉണ്ടായത്. ഇന്ന് രാവിലെ അടിയന്തിരപ്രമേയം കൊണ്ടുവന്നപ്പോൾത്തന്നെ റൂൾ ചെയ്തത് വിഷയം അടിയന്തിരപ്രമേയത്തിൽ വരുന്നില്ലായെങ്കിലും സംഭവത്തിന്റെ പ്രാധാന്യം കണക്കാക്കി സംസാരിക്കാൻ അനുവദിക്കാമെന്നായിരുന്നു. പ്രതിപക്ഷനേതാവിന് പറയാനുള്ളത് പറയാൻ അനുവദിച്ചു. അത് നീണ്ടുപോയതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്. എന്നാൽ ഇനിമേൽ വാക്കൗട്ട് നടത്തുമ്പോൾ പ്രതിപക്ഷ നേതാക്കന്മാരെ ആരെയും സംസാരിക്കാൻ അനുവദിക്കുകയില്ലെന്നുള്ള നിലപാടൊന്നും ചെയറിന് ഇല്ല. വാക്കൗട്ട് നടത്തുമ്പോൾ പ്രതിപക്ഷ നേതാക്കന്മാർക്ക് സംസാരിക്കാവുന്നതാണ്. ഇപ്പോൾ സഭ തുടരാം; എല്ലാവരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ നാലാമത്തെ ഇനമനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തു വച്ചു.

## റിപ്പോർട്ട് സമർപ്പണം

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ ഒന്നും രണ്ടും റിപ്പോർട്ടുകൾ സമർപ്പിച്ചു.

ഹർജികൾ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിച്ചു.

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ആദിവാസി വികസന ഫണ്ട് ഇനത്തിൽ നീക്കിവച്ച 40 കോടി രൂപയിൽ 38 കോടി രൂപ ശരിയായ നിലയിൽ ചെലവു ചെയ്യാതിരുന്നതിനെക്കുറിച്ച് വീണ്ടും സഭയെ ഓർമ്മപ്പെടുത്തുകയാണ്. സ്വകാര്യ ബാങ്കുകളിലോ മറ്റ് ക്രമവിരുദ്ധമായ നിലയിലോ ഇട്ടിട്ടുള്ള ഈ പണം 48 മണിക്കൂറിനുള്ളിൽ ട്രഷറിയിൽ അടയ്ക്കുമെന്ന് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിട്ട് 12 ദിവസമായി. ഈ പ്രഖ്യാപനം എത്രകണ്ട് നടപ്പിലാക്കി എന്നുള്ളത് ധനകാര്യ വകുപ്പുമന്ത്രി സഭയിൽ വ്യക്തമാക്കണം. ധനകാര്യ വകുപ്പിന്റെ പിന്തുണയോടുകൂടിയാണ് ഇതെല്ലാം ചെയ്തതെന്നും, ഉദ്യോഗസ്ഥന്മാരാണ് ഈ പണം ചെലവു ചെയ്തതെന്നുമൊക്കെ പറഞ്ഞ് ബന്ധപ്പെട്ട വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ ചുമതലയിൽനിന്ന് ഒഴിഞ്ഞുമാറാനാണ് ഇപ്പോൾ ശ്രമിച്ചു കൊണ്ടിരിക്കുന്നത്. 1-2-2002-ൽ വകുപ്പുമന്ത്രി ഡോ. എം.എ. കുട്ടപ്പന്റെ അദ്ധ്യക്ഷതയിൽ എറണാകുളത്തെ വൈ.എം.സി.എ. ഹാളിൽ കൂടിയ ഉദ്യോഗസ്ഥന്മാരുടെ യോഗത്തിൽ ആദിവാസി വികസന ഫണ്ട് ചെലവ് ചെയ്യാൻ കഴിയുകയില്ലെങ്കിൽ അത് ഉദ്യോഗസ്ഥ ന്മാരുടേയും ആദിവാസികളുടേയും പേരിൽ സ്വകാര്യ ബാങ്കിൽ നിക്ഷേപിക്കാവുന്നതാണെ ന്നുള്ള യോഗ തീരുമാനത്തിന്റെ മിനിട്ട്സ് എന്റെ കൈവശമുണ്ട്. ഈ പണം ഏത് സ്വകാര്യ ബാങ്കിലാണ് നിക്ഷേപിച്ചത്, പലിശ ഇനത്തിൽ എത്ര രൂപയുടെ നഷ്ടം ഗവൺമെന്റിന് ഉണ്ടായി തുടങ്ങി ഇതു സംബന്ധമായി വകുപ്പുമന്ത്രി നടത്തിയ ക്രമക്കേടുകളെസംബന്ധിച്ച് അറിയാൻ സഭയ്ക്ക് അവകാശമുണ്ട്. ധനകാര്യച്ചട്ടങ്ങൾക്ക് വിരുദ്ധമായ ഈ ക്രമവിരുദ്ധ നടപടിയെ ന്യായീകരിക്കുന്നതിന് ശ്രീ. ഉമ്മൻചാണ്ടിയും ശ്രീ. ആര്യാടൻ മുഹമ്മദും മുന്നോട്ടുവന്നത് ശരിയല്ല. ഇതിനെ സംബന്ധിച്ച് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പു മന്ത്രിക്കും ധനകാര്യവകുപ്പുമന്ത്രിക്കും എന്തെങ്കിലും പറയാനുണ്ടെങ്കിൽ അത് കേട്ടശേഷം അടുത്ത ബിസിനസ്സിലേയ്ക്ക് കടക്കുന്നതായിരിക്കും നല്ലത്.

ശ്രീ.ആര്യാടൻ മുഹമ്മദ്:: നിയമസഭാ നടപടിച്ചട്ടം 287, 288 വകുപ്പുകൾ പ്രകാരമുള്ള ക്രമപ്രശ്നമാണുന്നയിക്കുന്നത്. ഞാനും ശ്രീ. ഉമ്മൻചാണ്ടിയും പത്രസമ്മേളനത്തിൽ പറഞ്ഞത് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ 1985-86 മുതൽ 1988-89 വരെയും 1997-98 മുതൽ 2000-2001 വരെയുമുള്ള കാലഘട്ടങ്ങളിൽ ആദിവാസി വികസന ഫണ്ടിന്റെ കാര്യത്തിൽ ഇതുപോലെ ജോയിന്റ് അക്കൗണ്ട് ഉണ്ടായിരുന്നു എന്നുള്ളതാണ്. ഈ കാര്യം തെളിയിക്കാൻ തയ്യാറാണ്. വകുപ്പുമന്ത്രിയുടെ നടപടിയെ ഞങ്ങൾ ന്യായീകരിച്ചത് അഴിമതിക്ക് കൂട്ടുനിൽക്കലാണെന്ന് പ്രതിപക്ഷനേതാവ് പറഞ്ഞത് ശരിയല്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: 48 മണിക്കൂറിനുള്ളിൽ ഈ പണം ട്രഷറിയിൽ നിക്ഷേപിക്കുമെന്ന് 18-ാം തീയതി സഭയ്ക്ക് നൽകിയ ഉറപ്പ് സർക്കാർ ഇതുവരെ പാലിച്ചിട്ടില്ല. എന്തുകൊണ്ട് ആ ഉറപ്പ് പാലിക്കാൻ കഴിഞ്ഞില്ല എന്നുള്ളതാണ് സഭയ്ക്ക് അറിയേണ്ടത്. മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ടി.പി. അക്കൗണ്ടിലാണ് പണം നിക്ഷേപിച്ചിരുന്നത്. ജോയിന്റ് അക്കൗണ്ടിലും ചാക്കിൽക്കെട്ടിയും അന്ന് പണം സൂക്ഷിച്ചിട്ടില്ല. ഇപ്പോൾ ട്രഷറിയിൽ നിക്ഷേപിക്കാതെ ഗുരുതരമായ സാമ്പത്തിക കുംഭകോണം നടത്തിയിരിക്കുന്നു. ഇതിന് ധനകാര്യ വകുപ്പുമന്ത്രി വ്യക്തമായ മറുപടി നൽകണം.

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം.എ. കുട്ടപ്പൻ): മുൻകാലത്ത് ടി.പി. അക്കൗണ്ടിന് പുറമേ പണമായി ഉദ്യോഗസ്ഥരുടെ കയ്യിൽ വച്ചിട്ടില്ലെന്ന് അവകാശവാദം ഉന്നയിക്കുന്നത് ശരിയല്ല. ടി.പി. അക്കൗണ്ടിലും ജോയിന്റ് അക്കൗണ്ടിലും നിക്ഷേപിച്ചതിന് പുറമേ കോടിക്കണക്കിന് രൂപ കൈവശം വച്ചിരുന്നതിന്റെ വ്യക്തമായ രേഖകളുണ്ട്. മാനന്തവാടി ട്രൈബൽ ഡവലപ്മെന്റ് ഓഫീസ് 31-3-1998 - 8,26,932 രൂപ. 31-3-1999 -1,20,903 രൂപ, 30-3-2000 - 3,00,240 രൂപ, സുൽത്താൻ ബത്തേരി 31-3-2001 - 19,73,699 രൂപ, നെടുമങ്ങാട് 31-3-2001 - 23,50,000 രൂപ, അട്ടപ്പാടി 31-3-2001 - 50,00,000 രൂപ, തൊടുപുഴ 30-3-2001 - 4,21,331 രൂപ. ഇത്തരത്തിൽ പല കേസുകളുമുണ്ട്.

ഡോ. തോമസ് ഐസക് : 1997-98, 1999-2000, 2000-2001 വർഷങ്ങളിൽ കാഷ് ഇൻ ഹാന്റ് ആയിട്ടും ടി.പി. അക്കൗണ്ടിലും പട്ടികവർഗ്ഗ വികസന ഡിപ്പാർട്ടുമെന്റ് സൂക്ഷിച്ചിരുന്ന തുകയുടെ കണക്ക് ധനകാര്യ വകുപ്പുമന്ത്രി ഈ സഭയുടെ മേശപ്പുറത്തുവച്ചതിന് വിരുദ്ധമായ കണക്കാണ് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രിയുടെ കയ്യിലിരിക്കുന്ന രേഖയിലുള്ളത്. ഇതിൽ ഏതാണ് ശരി എന്നറിയണം.

മി. സ്പീക്കർ: ഉപധനാഭ്യർത്ഥന ചർച്ചയ്ക്ക് മറുപടി പറയുമ്പോൾ ധനകാര്യ വകുപ്പുമന്ത്രി അതിനെക്കുറിച്ചെല്ലാം പറയും.

.....ബഹളം .....

(പ്രതിപക്ഷാംഗങ്ങൾ സഭയുടെ നടുത്തളത്തിലിറങ്ങി മുദ്രാവാക്യം വിളിച്ച് സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

## ധനകാര്യം

### 2002-2003 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളേയും 1985-86, 1987-88, 1988-89, 1989-90, 1990-91, 1991-92, 1992-93, 1993-94 എന്നീ സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളേയും സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും.

2002-2003 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളും 1985-86, 1987-88, 1988-89, 1989-90, 1990-91, 1991-92, 1992-93, 1993-94 എന്നീ സാമ്പത്തിക

വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളും അനുവദിക്കണമെന്ന പ്രമേയം ബന്ധപ്പെട്ട മന്ത്രിമാർ അവതരിപ്പിക്കുകയും അവ പിന്താങ്ങപ്പെടുകയും ചെയ്തു.

പോലീസ് എന്ന XII -ാം നമ്പർ ധനാഭ്യർത്ഥനയിൻമേലുള്ള ഉപധനാഭ്യർത്ഥനയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയിൻമേലുള്ള ഉപധനാഭ്യർത്ഥനയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയിൻമേലുള്ള ഉപധനാഭ്യർത്ഥനയും എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയിൻമേലുള്ള ഉപധനാഭ്യർത്ഥനയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയിൻമേലുള്ള ഉപധനാഭ്യർത്ഥനയും ട്രഷറിയും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയിൻമേലുള്ള ഉപധനാഭ്യർത്ഥനയും പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയിൻമേലുള്ള ഉപധനാഭ്യർത്ഥനയും ജില്ലാ ഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയിൻമേലുള്ള ഉപധനാഭ്യർത്ഥനയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയിൻമേലുള്ള ഉപധനാഭ്യർത്ഥനയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയിൻമേലുള്ള ഉപധനാഭ്യർത്ഥനയും വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയിൻമേലുള്ള ഉപധനാഭ്യർത്ഥനയും വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയിൻമേലുള്ള ഉപധനാഭ്യർത്ഥനയും ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയിൻമേലുള്ള ഉപധനാഭ്യർത്ഥനയും നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയിൻമേലുള്ള ഉപധനാഭ്യർത്ഥനയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയിൻമേലുള്ള ഉപധനാഭ്യർത്ഥനയും നഷ്ടപരിഹാരങ്ങളും അവകാശ കൈമാറ്റങ്ങളും എന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥനയിൻമേലുള്ള ഉപധനാഭ്യർത്ഥനയും തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയിൻമേലുള്ള ഉപധനാഭ്യർത്ഥനയും പട്ടികജാതി-പട്ടികവർഗ്ഗ മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹികക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയിൻമേലുള്ള ഉപധനാഭ്യർത്ഥനയും ഹരിജനക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയിൻമേലുള്ള ഉപധനാഭ്യർത്ഥനയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയിൻമേലുള്ള ഉപധനാഭ്യർത്ഥനയും മൃഗ സംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയിൻമേലുള്ള ഉപധനാഭ്യർത്ഥനയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയിൻമേലുള്ള ഉപധനാഭ്യർത്ഥനയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയിൻമേലുള്ള

ഉപധനാഭ്യർത്ഥനയും ടൂറിസം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയിൻമേലുള്ള ഉപധനാഭ്യർത്ഥനയും സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയിൻമേലുള്ള ഉപധനാഭ്യർത്ഥനയും മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയിൻമേലുള്ള ഉപധനാഭ്യർത്ഥനയും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയിൻമേലുള്ള ഉപധനാഭ്യർത്ഥനയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയിൻമേലുള്ള ഉപധനാഭ്യർത്ഥനയും തുറമുഖങ്ങൾ എന്ന XL -ാം നമ്പർ ധനാഭ്യർത്ഥനയിൻമേലുള്ള ഉപധനാഭ്യർത്ഥനയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയിൻമേലുള്ള ഉപധനാഭ്യർത്ഥനയും ചർച്ച കൂടാതെ പാസ്സാക്കേണ്ടവ ഉൾപ്പെടെയുള്ള മറ്റ് ഉപധനാഭ്യർത്ഥന കളും 1985-86, 1987-88, 1988-89, 1989-90, 1990-91, 1991-92, 1992-93, 1993-94 എന്നീ സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ രാവിലെ 11.30-ന് പിരിഞ്ഞു.

...........................